# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 924 08.01.2014 – ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയിലെ സ്വകാര്യവത്ക്കരണം

**ചോദ്യം**

ശ്രീ. കെ. വി. വിജയദാസ്

**മറുപടി**

പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള വാട്ടർ അതോറിറ്റിയെ കമ്പനിവൽക്കരിക്കുവാനോ, സ്വകാര്യവൽക്കരിക്കുവാനോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | ഇല്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന തി നുശേഷം എത്ര സ്വകാര്യ കുടിവെള്ള ഫാക്ടറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നുള്ള വിവരം നൽകുമോ ; ഇവർക്ക് സർക്കാരിന്റെ ജലാശായങ്ങളിൽനിന്ന് ജലം ശേഖരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം 78 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ അനധികൃതമായി ജലം ഉപയോഗിച്ചിരുന്ന രണ്ട് സ്ഥാപനങ്ങളുടെ പ്രവർത്തനം തടഞ്ഞിട്ടുണ്ട്. മലപ്പുറം ജില്ലയിൽ മഞ്ചേരി അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ കിളിക്കല്ല് പ്ലാന്റിൽ നിന്നും പ്രതിദിനം 1000 ലിറ്റർ ജലം നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ 19.09.13 എ.ബി.2-905 വാക്യം III 2010 ൦ം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സലോമിൻ അക്വാ, ചെങ്ങര, ഇരുവേറ്റി പി.ഒ. കാവന്നൂർ പഞ്ചായത്ത് എന്ന സ്ഥാപനത്തിന് ഭക്ഷ്യസുരക്ഷാ വകുപ്പ് ലൈസൻസ് നൽകിയിട്ടുണ്ട് |